കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടുവം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

നം.കെഎസ്എ/കെഎൻആർ/സി3/2153/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670 001
*E-mail : lfaddistofficeknr@gmail.com*
Phone: 0497 2707698
തീയ്യതി :20-12-2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),
പട്ടുവം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:-പട്ടുവം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

---------------------------------------

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ-മെയിൽ)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)
3) കാര്യാലയ പ്രതി.

PVP

നം. കെ.എസ്.എ/കെ.എൻ.ആർ.സി3/2153/2016.

തീയതി : 20.12.2016.

# കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

## ആമുഖം

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01-04-2015 മുതൽ 21-10-2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

.

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2016 മുതൽ 01-11-2016 വരെ. |

.ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.കെ.വി.സുരേഷ് ബാബു | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷഹീൻ പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷിജില വി.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ബാബു കിഴക്കേവീട്ടിൽ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ടി.ലത | 01-04-2015മുതൽ 31-10-2015വരെ |
| | ശ്രീ.ആനക്കീൽ ചന്ദ്രൻ | 19-11-2015 മുതൽ 31-3-2016 വരെ |
| | ഭരണനിർവ്വഹണ കമ്മിറ്റി സെക്രട്ടറി, കൃഷിഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 01-11-2015 മുതൽ 18-11-2015 വരെ |
| സെക്രട്ടറി | ശ്രീ. ഭാർഗ്ഗവൻ പി. | 01-04-2015 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നിഷ വി.പി. | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| | | |
| കൃഷി ഓഫീസർ | ശ്രീമതി.പ്രീത കെ. | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീമതി.ബബിത കെ | 01.04.15 മുതൽ 18-01-16 വരെ |
| | ശ്രീമതി.മീരാബായി | 19-01-16മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | ശ്രീമതി.മാധവി കെ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (പ്രൈമറി ഹെൽത്ത് സെന്റർ) | ഡോ.ആശ വി.വി. | 01.04.15 മുതൽ 15-04-15 വരെ |
| | ഡോ.അനിത പി.വി | 16-04-15 മുതൽ 02-06-15 വരെ |
| | ഡോ.ധന്യ ഉണ്ണികൃഷ്ണൻ | 03-06-15 മുതൽ 12-07-15 വരെ |
| | ഡോ.ആശ വി.വി. | 13-07-15 മുതൽ 31-08-15 വരെ |
| | ഡോ.ജുനൈദ് നെടിയൻ | 01-09-15 മുതൽ 08-09-15 വരെ |
| | ഡോ.ധന്യ ഉണ്ണികൃഷ്ണൻ | 09-09-15 മുതൽ 30-09-15 വരെ |
| | ഡോ.ആശ വി.വി | 01-10-15 മുതൽ 10-12-15 വരെ |
| | ഡോ.ധന്യ ഉണ്ണികൃഷ്ണൻ | 11-12-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഇ.വി.സുധീർ | 01.04.15 മുതൽ 09-07-15 വരെ |

| | | |
|---|---|---|
| | ഡോ.ജയപ്രകാശ് എ. | 10-07-15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.സോയ | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.രമ എം.എം | 01-04-2015 മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.അനിൽകുമാർ പി. | 01.04.15 മുതൽ 31.03.16 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.അനിൽകുമാർഎം.ജി. | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| | | ഭാഗം –1 – പൊതു അവലോകനം | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |

| | | | |
|---|---|---|---|
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | ഗ്രാമസഭ | |
| | | ഭാഗം –2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | 2-1 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 2486/- രൂപ ഈടാക്കേണ്ടതാണ്. | |
| 14 | 2-2 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഉപയോഗം വാടക ഈടാക്കിയിട്ടില്ല – ₹1000 വരവ് നഷ്ടം | |
| 15 | 2-3 | ഡി & ഒ ലൈസൻസ് പുതുക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നില്ല | |
| 16 | 2-4 | മുതുകട തുള്ളുവൻ വള്ളി ചെമ്മീൻകണ്ടി – വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 17 | 2-5 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വാടക നിരക്ക് വർദ്ധിപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| 18 | 2-6 | പോൾട്രി ഫാം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | |
| 19 | 2-7 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 10500/- രൂപ ലഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. | |
| | | ഭാഗം-3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | 3-1 | സ്ഥലം മാറ്റം യാത്രാബത്ത അധികമായി അനുവദിച്ച ₹3952 നിരാകരിക്കുന്നു | |

| | | | |
|---|---|---|---|
| 21 | 3-2 | യാത്രാ ബത്ത അധികം നല്കി ₹4771 നിരാകരിക്കുന്നു | |
| 22 | 3-3 | ക്ഷാമബത്ത കുടിശ്ശിക അധികം നല്കിയ ₹764 നിരാകരിക്കുന്നു | |
| 23 | 3-4 | ജി.ഐ.എസ്., എസ്.എൽ.ഐ. സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ഈടാക്കുന്നില്ല | |
| 24 | 3-5 | വാഹന ഉപയോഗം അപാകതകൾ ₹9199 തടസ്സപ്പെടുത്തുന്നു. | |
| 25 | 3-6 | ഭൂസ്വത്തുകളുടെ പരിപാലനത്തിൽ വീഴ്ചകൾ –കരം ഒടുക്കുകയോ കയ്യേറ്റങ്ങൾ പരിശോധിക്കുകയോ ചെയ്യുന്നില്ല | |
| 26 | 3-7 | വെള്ളക്കരം ഒടുക്കുന്നത് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | |
| 27 | 3-8 | പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ അപാകങ്ങൾ ₹746250 തടസ്സപ്പെടുത്തുന്നു | |
| 28 | 3-9 | ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ അപാകങ്ങൾ ₹297427 ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 29 | 3-10 | തെരുവുവിളക്ക് എ.എം.സി. രേഖകളിൽ സുതാര്യതയില്ല ₹97150 തടസ്സപ്പെടുത്തുന്നു | |
| 30 | 3-11 | തെരുവു വിളക്കുകളുടെ വൈദ്യുതിചാർജ്ജ് കുറച്ചു കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഇല്ല. ₹4800 തടസ്സപ്പെടുത്തുന്നു. | |
| 31 | 3-12 | പട്ടികജാതിക്കാരുടെ പദ്ധതികളിൽ ഒരേ ആളുകൾക്ക് തന്നെ ഒന്നിലധികം ആനുകൂല്യം നല്കിയത് സംബന്ധിച്ച് | |
| 32 | 3-13 | ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, TSC വിഹിതം – വിനിയോഗിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. | |

| | | | |
|---|---|---|---|
| 33 | 3-14 | ഗുണഭോക്താക്കളുടെ അർഹതപരിശോധന നടത്താതെ കാർഷിക മേഖലയിലെ പ്രൊജക്ടുകളിൽ സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല | |
| 34 | 3-15 | നെൽകൃഷി വികസനപദ്ധതി-ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച ₹2,40,000 രൂപ വിതരണം ചെയ്യാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാര മല്ല. | |
| 35 | 3-16 | ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചില്ല | |
| 36 | 3-17 | ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല – ₹50000 തടസ്സപ്പെടുത്തുന്നു | |
| 37 | 3-18 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല ₹9325 തടസ്സപ്പെടുത്തുന്നു | |
| 38 | 3-19 | സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | |
| 39 | 3-20 | അംഗൻവാടിക്ക് കാർട്ടൂൺ പെയിന്റ് ചെയ്യൽ – മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ₹65000 തടസ്സപ്പെടുത്തുന്നു | |
| 40 | 3-21 | കറവ പശു വിതരണം –പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | |
| | | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 42 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 43 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 44 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 45 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |

| | | | |
|---|---|---|---|
| 46 | 4-6 | ഓഡിറ്റ് റിക്കവറി | |
| 47 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 48 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 49 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| 50 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 25-03-2015 തീയതിയിലെ 22/15 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 2750000 | 12326324 |
| വരവ് | 5038990 | 20967589 |
| ആകെ | 53139900 | 33293913 |
| ചെലവ് | 52536600 | 25710961 |
| നീക്കിയിരിപ്പ് | 603300 | 7582952 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-07-2015 | 24-06-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2015-16 | 28-10-2016 മുതൽ 29-10-2016 | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക കണക്കിലെ അപാകങ്ങൾ:

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ 5 ലക്ഷത്തിലധികം അടങ്കൽ വരുന്ന നിർമ്മാണ പ്രവൃത്തികളുടെ ഇ-ടെണ്ടർ ടെണ്ടർ ഫോറം വില ₹10,500 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുണ്ടെങ്കിലും അയത് വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റിൽ) ഉൾപ്പെടുത്തിയിട്ടില്ല.

2. ബി-11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.നെൽകൃഷി വികസനപദ്ധതി എന്ന പ്രൊജക്റ്റിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 2,40,000/-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം) കർഷകർക്ക് വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചു.

## 1-4 സാമ്പത്തിക വിശകലനം (റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)

| | |
|---|---|
| മുന്നിരിപ്പ് | 1,23,26,324 |
| വരവ് | 2,09,67,589 |
| ആകെ | 3,32,93,913 |
| ചെലവ് | 2,57,10,961 |
| നീക്കീയിരിപ്പ് | 75,82,952 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10,84,823 | 11,62,463+ 32,59,484 (TC) | 55,06,770 | 55,06,770 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 8,42,873 | 21,16,298 | 29,59,171 | 29,59,171 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 10 | - | 10 | 10 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 1,52,377 | 18,98,003 | 20,50,380 | 20,50,380 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 7,00,766 | 16,93,288 | 23,94,054 | 23,94,054 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6,54,668 | 35,05,505 | 41,60,173 | 41,60,173 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 9,87,000 | 9,87,000 | 19,74,000 | 19,74,000 | 0 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് | 13,556 | 52,54,995 | 52,68,551 | 52,68,287 | 264 |
| ബി ഫണ്ട് | -- | 1,17,51,040 | 1,17,51,040 | 1,17,51,040 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-2016 | 101 | 2,69,21,151 | 85 | 1,85,94,111 | 20 | 16 | 64 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-2016 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 26,32,747 | 22,27,565 | (-)4,05,182 | 13 |
| നികുതിയേതര വരവുകൾ | 4,17,217 | 3,79,148 | (-)38,069 | 4 |
| മറ്റു വരവുകൾ | 19,594 | 85,096 | (+)65,502 | 17 |
| ആകെ | 30,69,558 | 26,91,809 | (-)3,77,749 | 13 |

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 100% നികുതി പിരിവ് ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87,360 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 25,63,200 | 458 |

| | | |
|---|---|---|
| വിധവാപെൻഷൻ | 36,47,200 | 506 |
| വാർദ്ധക്യകാലപെൻഷൻ | 32,50,800 | 704 |
| വികലാംഗപെൻഷൻ | 11,40,200 | 170 |
| വിവാഹധനസഹായം | 450,000 | 15 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,85,600 | 51 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2016-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,851/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റാഫ് മീറ്റിംഗ് 07-05-2013-ൽ ചേർന്നതിന് ശേഷം 08-03-2016-ൽ മാത്രമാണ് ചേർന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-10-2016 | 01-08-2016 മുതൽ 30-09-2016വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-02-2011 മുതൽ 03-03-2011 വരെ | 2005-06 മുതൽ 2009-10 വരെ | 01-04-2011 |

## 1-12 ഗ്രാമസഭ

ഓഡിറ്റ് സമയത്ത് വിവിധ വാർഡുകളിലെ ഗ്രാമസഭ ചേരുന്നതിനാൽ ഗ്രാമസഭ മിനുട്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 2,486/- രൂപ ഈടാക്കേണ്ടതാണ്.

2014-15 വർഷത്തിൽ A6/2649/14 തീയതി 27-06-14 നമ്പറായി, ശ്രീമതി.കാടൻ പുത്തൻ വീട്ടിൽ രശ്മി എന്നവർക്ക് ഗോഡൗണിന് നൽകിയ ബിൽഡിംഗ് പെർമ്മിറ്റ് (663.91$m^2$) റദ്ദ് ചെയ്താണ് 2015-16 വർഷത്തിൽ 1161.22 $m^2$ വിസ്തീർണ്ണമുള്ള ഷോപ്പിന് (കൊമേഴ്സ്യൽ) പുതിയ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ഈ രണ്ടു വിഭാഗം കെട്ടിടങ്ങളും രണ്ട് വ്യത്യസ്ത കൈവശ ഗണത്തിൽപ്പെടുന്നവയാണ്. നേരത്തേ ഈടാക്കിയ പെർമ്മിറ്റ് ഫീസിന്റെ ബാക്കി മാത്രമാണ് (3,320/- രൂപ) പെർമിറ്റ് ഫീസായി പുതിയ പെർമിറ്റിന് (28/15-16 തീയതി 29-05-15) ഈടാക്കിയിരിക്കുന്നത് . ആയത് ക്രമപ്രകാരമല്ല. നേരത്തെ അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്തതിനാലും പുതിയ പെർമിറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ കൈവശഗണം മാറ്റിയതിനാലും പുതിയ പെർമിറ്റിന് 5,806/- രൂപ (1161.22*5) പെർമിറ്റ് ഫീസായി ഈടാക്കേണ്ടതായിരുന്നു. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 2,486/- രൂപ (5,806-3,120) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഉപയോഗം വാടക ഈടാക്കിയിട്ടില്ല- 1,000/- രൂപ വരവ് നഷ്ടം

ഗ്രാമ പഞ്ചായത്ത് അധീനതയിലുള്ള മുറിയാത്തോട് കമ്മ്യൂണിറ്റി ഹാൾ 29/11/2015-ന് പ്രഭാത് കലാസമിതി മുറിയാത്തോട് എന്ന സംഘടനക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പരിപാടിക്ക് പഞ്ചായത്ത് നിശ്ചയിച്ച വാടകയായ 1,000/- രൂപ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 6) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പഞ്ചായത്ത് ബൈലോ പ്രകാരം സർക്കാർ പരിപാടികളുടെ നടത്തിപ്പിനായി കമ്മ്യൂണിറ്റി ഹാൾ ആവശ്യമായി വരുമ്പോൾ മാത്രമേ വാടക ഈടാക്കാതെ നൽകാൻ പാടുള്ളൂ. ആയതിനാൽ വാടക ഇനത്തിൽ 1,000/- രൂപ സെക്രട്ടറി പ്രഭാത് കലാസമിതി, മുറിയാത്തോട് എന്ന സംഘടനയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ്വ വെക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് പുതുക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നില്ല.

ഡി & ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിക്കേണ്ടത്. എന്നാൽ പട്ടുവം ഗ്രാമപഞ്ചായത്തിൽ ഈ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.3/28.10.16) ലഭ്യമാക്കിയ

മറുപടിയിൽ, പിഎച്ച്സിയിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ തസ്തിക ഒഴിഞ്ഞു കിടന്നിരുന്നതിനാൽ യഥാസമയം അന്വേഷണ റിപ്പോർട്ട് ലഭിക്കാത്തതിനാലാണ് ലൈസൻസ് അപേക്ഷകളിൻമേൽ അന്വേഷണ റിപ്പോർട്ട് വാങ്ങാൻ സാധിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഡി & ഒ ലൈസൻസ് നൽകുമ്പോൾ ആവശ്യമായ പരിശോധന നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകേണ്ടതാണ്.

## 2-4 മുതുകട തുള്ളുവൻ വള്ളി ചെമ്മീൻകണ്ടി -വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് അധീനതയിലുള്ളതും പരമ്പരാഗതമായി പഞ്ചായത്തിന് തനതു വരുമാനം ലഭിക്കുന്നതുമായ മുതുകട തുള്ളുവൻ വള്ളി ചെമ്മീൻകണ്ടി 1.10.2015 മുതൽ ആരും ലേലം കൊണ്ടിട്ടില്ല. അതിനാൽ ചെമ്മീൻ കണ്ടി മുഖേന പഞ്ചായത്തിന് നിലവിൽ വരുമാനമൊന്നും ലഭിക്കുന്നില്ല. മുൻവർഷങ്ങളിൽ പഞ്ചായത്തിന് നല്ല രീതിയിൽ തനത് വരുമാനം ലഭിച്ചിരുന്ന ചെമ്മീൻകണ്ടി അറ്റകുറ്റ പണികൾ നടത്തി പഞ്ചായത്തിന് വരുമാനം ലഭിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. മുൻ വർഷങ്ങളിൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭിച്ച വരുമാനം ചുവടെ കൊടുക്കുന്നു. ഇതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ച തുക |
|---|---:|
| 2012-13 | 1,01,000 |
| 2013-14 | 1,05,000 |
| 2014-15 | 1,40,000 |
| 2015-16 (1.4.15 മുതൽ 30.9.15 വരെ) | 40,000 |

## 2-5 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വാടക നിരക്ക് വർദ്ധിപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുറിയാത്തോട് കമ്മ്യൂണിറ്റി ഹാൾ 2009 മുതൽ ഓഡിറ്റ് തീയ്യതി വരെ ഒരേ വാടക നിരക്കാണ് ഉപയോക്താക്കളിൽ നിന്നും ഈടാക്കി വാടകയ്ക്ക് നൽകുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ 24.03.2009-ലെ C5-1563/09/KIDS നമ്പർ ഉത്തരവ് പ്രകാരമാണ് കമ്മ്യൂണിറ്റി ഹാൾ ബൈലോ അംഗീകരിച്ചത്. അതു പ്രകാരം കമ്മ്യൂണിറ്റി ഹാൾ ഉപയോഗിക്കുന്നതിന് ഈടാക്കുന്ന വാടകനിരക്ക് പകൽ 1,000/- ദിവസം 5,000/- രൂപ എന്ന തോതിലാണ്. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിന് നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കാനായി ബൈലോ ഭേദഗതി വരുത്താനും ആയതിനു ശേഷം അംഗീകാരം ലഭിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടാനും 20.4.2015-ന് നടന്ന പഞ്ചായത്ത് യോഗത്തിലെ 31/15(1) പ്രകാരം തീരുമാനിക്കുകയുണ്ടായി. എന്നാൽ ഇതിന്മേൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഫലത്തിൽ കഴിഞ്ഞ ഏഴര വർഷക്കാലമായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വാടക നിരക്കിൽ കാലികമായ വർദ്ധനവ് നടപ്പിൽ വന്നിട്ടില്ല. ഇതിനായി പഞ്ചായത്ത് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-6 പോൾട്രി ഫാം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

പോൾട്രി ഫാം നടത്തുന്നതിനായി 2015-16 വർഷം ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2 പേർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇതേ ആവശ്യത്തിന് മറ്റ് 2 പേർക്ക് വസ്തു നികുതി ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം കെട്ടിട നമ്പറും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ്) ചട്ടം 3 ഉപചട്ടം (2) പ്രകാരം താഴെപ്പറയുന്നവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|---|
| 1 | 13 | 263 | ശ്രീ.പി മൊയ്തീൻ, വെളിച്ചാങ്കീൽ |
| 2 | 8 | 235B | ശ്രീ. വെള്ളുവളപ്പിൽ രാഗേഷ്, അരിയിൽ |
| 3 | 9 | 131B | ശ്രീ. പ്രതാപ ചന്ദ്രൻ ഇ.വി. |
| 4 | 11 | 150 B,C,D | ശ്രീ. തളിയൻമാർ വീട്ടിൽ ഗോപാലകൃഷ്ണൻ |

മേൽ പറഞ്ഞവരിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

## 2-7 ഇ-ടെണ്ടർ : ടെണ്ടർ ഫോറം വില ഇനത്തിൽ 10,500/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല

2015-2016 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതു വരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറം വില | റിമാർക്സ് |
|---|---|---|---|---|
| 1 | പട്ടുവം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തീകരണം | 22,00,000 | 5,250 | പി.കെ ബാലൻ നമ്പ്യാർ, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ, പട്ടുവം. |
| 2 | --ടി-- | ---ടി--- | 5250 | ഇ.പി.ബിജു, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ, പട്ടുവം. |
| | ആകെ | | 10,500 | |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള തുക ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ഥലം മാറ്റ യാത്രാബത്ത അധികമായി അനുവദിച്ച ₹3952 നിരാകരിക്കുന്നു

വൗച്ചർ നമ്പർ തീയതി – 215000568/13-01-2016

വയനാട് അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്ത് ഡയറക്ടറുടെ 17-08-2015-ലെ ഇ-3101/2014(2) ഉത്തരവ് പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി വന്ന ശ്രീ.അനീഷ് പോൾ, ഹെഡ് ക്ലാർക്കിന് താഴെ പറയും പ്രകാരം സ്ഥലം മാറ്റം യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. (ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം 15,780/-).

| പേര്/തസ്തിക | യാത്രാ സമയം | യാത്രാ മാർഗ്ഗം | ദൂരം (കി.മീ.) | ഇൻസിഡന്റൽ എക്സ്പെൻസ് | മൈലേജ് അലവൻസ് | ആകെ |
|---|---|---|---|---|---|---|
| ശ്രീ.അനീഷ് പോൾ ഹെഡ് ക്ലാർക്ക് | 30-08-15 11.30 am to 8 pm | അമ്പലവയൽ-പട്ടുവം (ബസ്) | 155 | 100 | 2x251 | 502 |
| കുടുംബം – ഭാര്യ, ഒരു കുട്ടി | 30-08-15 11.30 am to 8 pm | അമ്പലവയൽ-പട്ടുവം (ബസ്) | 155 | 100 | 251 | 251 |
| പേഴ്സണൽ എഫക്ട്സ് | | | | | | 4,650 |
| ആകെ | | | | | | 5,403 |

കേരള സർവ്വീസ് റൂൾ പാർട്ട് II 67 II പ്രകാരം റോഡ് മാർഗ്ഗമുള്ള യാത്രക്ക് അയാൾക്ക് ബാധകമായ നിരക്കിന്റെ ഇരട്ടി മൈലേജ് ബത്തയും കുടുംബത്തിലെ രണ്ട് അംഗങ്ങൾക്ക് മൈലേജ് ബത്തയുമാണ്. സാധന സാമഗ്രികൾ കൊണ്ടു വരുന്നതിന് മൈലേജ് അലവൻസിന്റെ മൂന്ന് മടങ്ങാണ് അനുവദിക്കാവുന്നത്. എന്നാൽ പേഴ്സണൽ എഫക്ട്സ് യഥാർത്ഥചെലവ് അനുവദിച്ചിട്ടുണ്ട്.

| പേര്/തസ്തിക | യാത്രാ സമയം | യാത്രാ മാർഗ്ഗം | ദൂരം (കി.മി) | ഇൻസിഡന്റൽ എക്സ്പെൻസ് | മൈലേജ് അലവൻസ് | ആകെ |
|---|---|---|---|---|---|---|
| ശ്രീ.അനീഷ് പോൾ, ഹെഡ് ക്ലാർക്ക് | 30-08-15 11.30 am to 8pm | അമ്പലവയൽ-പട്ടുവം (ബസ്) | 155 | 100 | 2x251 | 502 |
| കുടുംബം– ഭാര്യ, ഒരു കുട്ടി | 30-08-15 11.30 am to 8pm | അമ്പലവയൽ-പട്ടുവം (ബസ്) | 155 | 100 | 251 | 251 |
| പേഴ്സണൽ എഫക്ട്സ് | | | 155 | 3x232.5 മൈലേജ് അലവൻസ് @1.50 | 3x232.5 | ₹698 |
| ആകെ | | | | | | 1,451 |

₹1,451 നവദിക്കുന്നതിന് പകരം ₹5,403 അനുവദിച്ചത് കാരണം ₹3,952 അധികം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/01-112016-ന് മറുപടിയായി അധികം നല്കിയ തുക തിരിച്ച് പിടിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 യാത്രാ ബത്ത അധികം നല്കി ₹4771 നിരാകരിക്കുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.പി.ഭാർഗവന് സെക്രട്ടറിയുടെ യാത്രാ ബത്ത നല്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

അടിസ്ഥാന ശമ്പളം 24,040/- ആയതിനാൽ ഗ്രേഡ് II(a) ജീവനക്കാർക്ക് അർഹമായ യാത്രാബത്തക്കാണ് ഇദ്ദേഹത്തിന് അർഹത.

1) ജി.ഒ.(പി)74/2012/ധന. തീയതി 28-01-2012 പ്രകാരം ഗ്രേഡ് II(a) ജീവനക്കാരന്റെ ത്രൈമാസ യാത്രാബത്ത പരിധി 7350/- രൂപയാണ്. 01/2015, 02/2015, 03/2015 മാസങ്ങളിലെ യാത്രബത്ത ഇനത്തിൽ ഇദ്ദേഹത്തിന് ₹11,498 അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 21500568/13-01-2016). പരിധിയിൽ കവിഞ്ഞ് അനുവദിച്ച ₹4,148 തിരിച്ചീടാക്കേണ്ടതാണ്.

2) ജീവനക്കാരൻ യാത്ര ചെയ്ത ട്രെയിൻ യാത്രകൾ ഏത് ക്ലാസ്സിലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ജീവനക്കാരൻ 22-12-2015-ലെ തിരുവനന്തപുരം കെ.എൽ.ജി.എസ്.ഡി.പി. യോഗത്തിൽ പോയതിനും 23-12-2015-ന് തിരികെ വന്നതിനും ട്രെയിൻ മാർഗ്ഗം 502 കി.മി 512.5x2=₹1,025 ഇൻസിഡന്റൽ എക്സ്പെൻസായി അനുവദിച്ചിട്ടുണ്ട്. ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം ₹25900 ആയതിനാൽ ₹0.40/കി.മി. അനുവദിക്കാവുന്ന തുക 502x 0.40x2=₹402 ആണ്. ₹623 അധികം നല്കിയിട്ടുണ്ട്. (വൗച്ചർ നമ്പർ 21500802/30-03-2016).

അധികം നല്കിയ ₹4,771 (₹4,148 +₹623) തിരിച്ച് പിടിക്കേണ്ടതാണ്.

## 3-3 ക്ഷാമബത്ത കുടിശ്ശിക അധികം നല്കിയ ₹764 നിരാകരിക്കുന്നു

വൗച്ചർ നമ്പർ 215000595/22-01-2016

31-08-2015-ന് ജോലിയിൽ പ്രവേശിച്ച ശ്രീ.അനീഷ് പോൾ, ഹെഡ് ക്ലാർക്കിന് ട്രാൻസിറ്റ് കാലയളവ് ഉൾപ്പെടെ 26-08-2015 മുതൽ ₹15,780 അടിസ്ഥാന ശമ്പളം കണക്കാക്കി 3,054+2,627 (86% DA)= ₹5,681 അനുവദിച്ചിട്ടുണ്ട്. ജീവനക്കാരന് ക്ഷാമബത്ത കുടിശ്ശിക നല്കുമ്പോൾ 6 ദിവസത്തെ അടിസ്ഥാന ശമ്പളം കണക്കാക്കുന്നതിന് പകരം ഒരു മാസത്തെ അടിസ്ഥാന ശമ്പളം കണക്കാക്കിയതിനാൽ താഴെ പറയും പ്രകാരം ₹764 അധികം നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | അനുവദിച്ചത് | | | അനുദിക്കാവുന്നത് | | | അധികം |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | |
| ഡ്യൂ 92% | 15,780 | 14,518 | 30,298 | 3,054 | 2,810 | 5,872 | |
| ഡ്രോൺ86% | 15,780 | 13,571 | 29,351 | 3,054 | 2,627 | 5,689 | |
| | | 947 | 947 | | 183 | 183 | 764 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/31-10-2016 തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ₹764 തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-4 ജി.ഐ.എസ്., എസ്.എൽ..ഐ. സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ഈടാക്കുന്നില്ല

ജീവനക്കാരുടെ 01/2016-ലെ അക്വിറ്റൻസ് പ്രകാരം ജി.ഐ.എസ്., എസ്.എൽ.ഐ. എന്നിവ കുറഞ്ഞ നിരക്കിൽ ഈടാക്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് (അടിസ്ഥാന ശമ്പളം) | തസ്തിക | ജി.ഐ.എസ്. | | എസ്.എൽ.ഐ. | |
|---|---|---|---|---|---|---|
| | | | ഈടാക്കേണ്ടത് GO(P)381/ 2011/ Fin dated 06-09-2011 | ഈടാക്കിയത് | ഈടാക്കേണ്ടത് GO(P)104/2012/ Fin dated 09-02-2012 | ഈടാക്കിയത് |
| 1 | രമ.എം.എം. (19,740) (16,180-29,180) | അസിസ്റ്റന്റ് സെക്രട്ടറി | - | - | 375 | 150 |
| 2 | അനീഷ് പോൾ (16,180) (14,620-26,280) | ഹെഡ് ക്ലാർക്ക് | - | - | 225 | 150 |
| 3 | കലേഷ്.എ.കെ. (13,900) (13,210-22,360) | സീനിയർ ക്ലർക്ക് | - | - | 225 | 200 |
| 4 | ശിവജിത്ത്.പി (11,320) (9,940-16,580) | ക്ലർക്ക് | 200 | 150 | - | - |
| 5 | ഇലിയാസ്.സി. (9,690) (8,500-13,210) | ഓഫീസ് അറ്റന്റന്റ് | - | - | 225 | 150 |
| 6 | പി.ഭാർഗവൻ (25,900) (18,740-33,680) | സെക്രട്ടറി | 250 | 200 | 375 | 150 |

സർക്കാർ ഉത്തരവിന് അനുസൃതമായി ജി.ഐ.എസ്, എസ്.എൽ.ഐ വരിസംഖ്യ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 വാഹന ഉപയോഗം അപാകങ്ങൾ ₹9,199 തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ കെ.എൽ. 59 ജി/9994 നമ്പർ ജീപ്പിന്റെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഇന്ധനം നിറച്ചതിന്റെ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല:

പഞ്ചായത്ത് വാഹനം 01-04-2015 മുതൽ 31-03-2016 വരെ 15,486 കി.മി. ഓടിയിട്ടുണ്ട്. വാഹനത്തിന്റെ ഇന്ധനക്ഷമത ടെസ്റ്റ് പ്രകാരം 13 കി.മി./ലിറ്റർ ആണ്. ഈ കാലയളവിൽ ആവശ്യമായ ഇന്ധനം 15,486/13=1,191.23 lr. ആണ്. എന്നാൽ ഈ കാലയളവിൽ 1,398.99 ലിറ്റർ ഇന്ധനം ഉപയോഗിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഇന്ധന ക്ഷമതയിലും 207.76 ലിറ്റർ അധികം ഇന്ധനം ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ 191.83 ലിറ്റർ ഇന്ധനം നിറച്ചതിന്റെ കണക്ക് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 17/31-10-2016 നല്കിയതിന് ശേഷം ലോഗ് ബുക്കിൽ രേഖപ്പെടുത്തി നല്കുകിയാണ് ചെയ്തത്.

താഴെ പറയുന്ന ദിവസങ്ങളിൽ ഇന്ധനം നിറക്കുന്നതിനുള്ള ചെലവ് വന്നിട്ടുണ്ടെങ്കിലും ഇന്ധനം നിറച്ചതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ /തീയതി | ഇന്ധനത്തിന്റെ അളവ് (ലിറ്റർ) | ബിൽ പ്രകാരം ഇന്ധനം നിറച്ച തീയതി | തുക |
|---|---|---|---|---|
| 1 | 215000386/14-10-15 | 49 | 13-10-15 | 2,374 |
| 2 | 215000411/28-10-15 | 44.83 | 18-09-15 | 2,148 |
| 3 | 215000631/12-02-16 | 49 | 30-01-16 | 2,337 |
| 4 | 215000645/16-02-16 | 49 | 15-02-16 | 2,340 |
| ആകെ | | 191.83 | | 9,199 |

വാഹനത്തിന്റെ ഇന്ധനക്ഷമതയിൽ അധികം ഉപയോഗിക്കുകയും, വാഹനത്തിന്റെ ലോഗ്ബുക്കിൽ ചേർക്കാതിരുന്നതുമായ ഇന്ധനത്തിന്റെ വിലയായ ₹9,199 തടസ്സപ്പെടുത്തുന്നു.

2) വാഹനത്തിൽ ഇന്ധനം നിറക്കുമ്പോൾ കസ്റ്റോഡിയൻ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വാഹനത്തിന്റെ ഇന്ധന ക്ഷമത പരിശോധിക്കുന്നില്ല. വാഹനത്തിന്റെ ഇന്ധന ക്ഷമത ടെസ്റ്റ് 04-03-2014 ശേഷം നടത്തിയിട്ടില്ല.

4) തൻമാസത്തെ ഇന്ധന ഉപയോഗത്തെയും, യാത്രചെയ്ത ദൂരത്തെയും സംബന്ധിച്ച സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5) അറ്റകുറ്റപണികളെ കുറിച്ചുള്ള വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

6) റവന്യൂ വകുപ്പിന്റെ ആവശ്യത്തിന് വാഹനം ഉപയോഗിച്ചതിന് വാടക ലഭിച്ചിട്ടില്ല.

പഞ്ചായത്ത് വാഹനം 19-03-2016 5.30 PM മുതൽ 04-04-2016 5 PM വരെ ഇലക്ഷന്റെ ആവശ്യത്തിന് വരണാധികാരി തളിപ്പറമ്പ് എൽ.എ.സി. & ജനറൽ മാനേജർ, ഡി.ഐ.സി.

കണ്ണൂരിന് നല്കിയിട്ടുണ്ട്. ജി.ഒ.(എം.എസ്) 82/2008/ആർ.ഡി. തീയതി 07-04-2008 പ്രകാരം റവന്യൂ വകുപ്പിന് അനുവദിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാടക ലഭിക്കാൻ അർഹതയുണ്ട്. ആയത് ലഭിച്ചിട്ടില്ല.

മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-6 ഭൂസ്വത്തുകളുടെ പരിപാലനത്തിൽ വീഴ്ചകൾ: കരം ഒടുക്കുകയോ കയ്യേറ്റങ്ങൾ പരിശോധിക്കുകയോ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങൾക്ക് ഭൂനികുതി ഒടുക്കിയതായി കാണുന്നില്ല. ഏറ്റവും ഒടുവിൽ ഭൂനികുതി ഒടുക്കിയത് സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മതിയായ രേഖകൾ ഉള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം 4.73 ഏക്കർ മാത്രമാണ്. 435.50 ഏക്കർ വിസ്തീർണ്ണത്തിൽ വിവിധ പുറമ്പോക്കുകൾ ഉള്ളതായി വളരെ മുൻപ് തയ്യാറാക്കിയ പുറമ്പോക്ക് രജിസ്റ്ററിലുണ്ട്. പിന്നീട് പുറമ്പോക്കിൽ കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല. പുഴപുറമ്പോക്ക് ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതിനും അളന്ന് തിട്ടപ്പെടുത്തുന്നതിനും വേണ്ടി ഫോറം 10-ലുള്ള അപേക്ഷ തളിപ്പറമ്പ് താലൂക്കാഫീസിൽ നല്കുകയും ഫീസ് അടക്കുകയും (ചലാൻ നമ്പർ 163/23-06-14, 1,350/- രൂപ, തളിപ്പറമ്പ സബ് ട്രഷറി) ചെയ്തിരുന്നുവെങ്കിലും ഒരു തുടർ നടപടിയും പിന്നീട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പുഴപുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിനും ഭൂനികുതി അടക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 വെള്ളക്കരം ഒടുക്കുന്നത് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

| | | | |
|---|---|---|---|
| ചെലവ് | : | ₹1,92,939 | |
| ബിൽ നമ്പർ | : | 1/27-07-2015 | ₹60,000 |
| | | 15/26-12-2015 | ₹85,000 |
| | | 24/11-03-2016 | ₹47,939 |

വെള്ളക്കരം അടവ് സംബന്ധിച്ച് സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. 23/06/2006-ലെ സ.ഉ.(സാധാ.)നം.1501/2006/ത.സ്വ.ഭ.വ, 30/05/2009-ലെ സ.ഉ.(സാധാ.)നം.1275/2009/ത.സ്വ.ഭ.വ, 28/09/2011-ലെ സ.ഉ.(സാധാ.) നം.2242/2009 /ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളിൽ പറയും പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നല്കുന്നുള്ളുവെന്ന് ഉറപ്പു വരുത്താൻ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം തയ്യാറാക്കണം. കുടിശ്ശിക സംബന്ധിച്ച കാര്യങ്ങളിൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് തീർപ്പുണ്ടാക്കണം. ധാരണയായില്ലെങ്കിൽ അപ്പീൽ പെറ്റീഷൻ വഴി ആർ.ഡി.ഒ.യെ സമീപിക്കാമെന്നും, ആർ.ഡി.ഒ.യുടെ തീരുമാനം ഇരു വിഭാഗവും അംഗീകരിക്കാൻ ബാധ്യസ്ഥരാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തിയിരുന്നെങ്കിലും ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥർ 97 ടാപ്പുകൾ കണ്ടെത്തിയതായി അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് 36 എണ്ണത്തിന്റെ തുക മാത്രമാണ് ഒടുക്കുന്നത്. ഇത് കാരണം കുടിശ്ശിക വർദ്ധിക്കുകയും ഭാവിയിൽ പഞ്ചായത്തിന് ഭീമമായ ബാധ്യത ഉണ്ടാകുകയും ചെയ്യും. ജല അതോറിറ്റിയുമായി തർക്കമുണ്ടായ സാഹചര്യത്തിൽ ആർ.ഡി.ഒ.യെ സമീപിച്ച് എത്രയും പെട്ടെന്ന് തീർപ്പുണ്ടാക്കുന്നതിന് ഭരണ

സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 പട്ടികജാതികോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ -അപാകങ്ങൾ - ₹7,46,250 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ/പേര് : 59/146 പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ : ₹7,46,250 (₹7,38,000 വികസന ഫണ്ട് (എസ്.സി.പി) ₹8,250 തനത് ഫണ്ട്)

ചെലവ് ബിൽ നമ്പർ : 19/27-02-2016 ₹3,98,000

ബിൽ നമ്പർ : 32/31-03-2016 ₹3,40,000

വൗച്ചർ നമ്പർ : 215000844/31-03-2016 ₹8,250

ആകെ : ₹7,46,250

മേൽ പ്രോജക്ട് പ്രകാരം ഇഗാ ടെക്ക് ഇന്റസ്ട്രിയൽ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന് സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് 30 എണ്ണത്തിന് ₹24,875 പ്രകാരം 7,46,250/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള സോളാർ എൽ.ഇ.ഡി ലാമ്പുകളാണ് സ്ഥാപിച്ചത് എന്നതിന് ക്ഷമതയുള്ള പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെയാണ് കരാറുകാരന് തുക അനുവദിച്ചത്.

2) പദ്ധതി പ്രദേശത്തിന്റെ സോഷ്യൽ മാപ്പ് ഇല്ലാതെയാണ് പട്ടികജാതികോളനികളിൽ സോളാർലൈറ്റ് സ്ഥാപിച്ചത്. ഇത് കാരണം പട്ടികജാതി കോളനികളിൽ അല്ലാതെയും സോളാർ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. ശ്രീ.ബാബു അരിയിൽ എന്നവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഏഴാം വാർഡിൽ വെള്ളിക്കീൽ എന്ന സ്ഥലത്ത് സ്ഥാപിച്ച സോളാർലൈറ്റ് പട്ടികജാതി കോളനിയിൽ അല്ലെന്നുള്ള പരാതി ഭരണസമിതി പരിശോധിക്കുകയും സോളാർ ലൈറ്റ് മറ്റൊരു സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 17-03-2016 44/2016 നമ്പർ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല.

3) പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ഇന്റസ്റ്റാലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. അപാകങ്ങൾ കാരണം 7,46,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ -അപാകങ്ങൾ - ₹297427 ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ/പേര് : 13/16 തെരുവ് വിളക്ക് വാങ്ങൽ

അടങ്കൽ : ₹3,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് ബിൽ നമ്പർ : 26/11-03-2016 ₹75,690

ബിൽ നമ്പർ : 31/31-03-2016 ₹221737

ആകെ : ₹2,97,427

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

1) കാവുങ്കൽ - മുതുകുട റോഡ്
2) മുതുകുട ജി.എൽ.പി.സ്കൂളിന് സമീപം
3) കച്ചേരിമുതൽ കുഞ്ഞി മതിലകം വരെ
4) കയ്യം അപ്ലൈഡ് സയൻസ് കോളേജ് മുതൽ മുസ്ലീം പള്ളിവരെ
5) മുള്ളൂൽ പട്ടുവം ഹൈസ്കൂൾ റോഡ് - കാഞ്ഞിരത്തറ റോഡ്
6) പരണ്ടൂൽ അരിയിൽ റോഡ്
7) കാവുങ്കൽ കുന്നരു റോഡ്
8) ആശാരി വളവ് കുണ്ടം മാണുക്കര റോഡ്
9) വെള്ളിക്കീൽ റോഡ് ജംഗ്ഷനിൽ നിന്നും ലൂർദ് നഴ്സിംഗ് കോളേജ് വരെ

അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. തളിപറമ്പിന്റെ 23-03-2016-ലെ DB/Street light/15-16/136 കത്തിൽ ആവശ്യപ്പെട്ടതു പ്രകാരം ഡെപ്പോസിറ്റ് തുക ₹2,21,737 ബിൽ നമ്പർ 31/31-03-2016 പ്രകാരം അടക്കുകയുണ്ടായി. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ലൈൻ വലിക്കുന്നതിന് മുമ്പ് തന്നെ ₹2,532 വിലയുള്ള 12 വാട്ടിന്റെ 30 എൽ.ഇ.ഡി. ബൾബുകൾ വാങ്ങുകയുണ്ടായി. വാങ്ങിയ തെരുവ് വിളക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നമ്പർ 25/31-10-2016). ലൈൻ വലിക്കുന്നതിന് മുൻപ് 18 മാസം മാത്രം വാറണ്ടിയുള്ള തെരുവിളക്കുകൾ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പറഞ്ഞ അപാകങ്ങൾ കാരണവും ലൈൻ ദീർഘീകരണം പൂർത്തീകരിക്കാത്തതിനാലും 2,97,427/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 തെരുവുവിളക്ക് എ.എം.സി. സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 97,510/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | : | 33/16 തെരുവിളക്കുകൾ എ.എം.സി |
| അടങ്കൽ | : | ₹1,00,000 തനത് ഫണ്ട് |
| വൗച്ചർ നമ്പർ | : | 215000522/21-12-2015 – ₹97,510 |

തെരുവ് വിളക്കുകൾ അറ്റകുറ്റപണിയും സംരക്ഷണവും - മാർഗ്ഗരേഖ (സർക്കുലർ നമ്പർ 3055/ഡി.എ.3/2011/ത.സ്വ.ഭവ. തീയതി. 15-09-2011) പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തെരുവിളക്കുകളുടെ എ.എം.സി. ടെണ്ടർ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനായ ശ്രീ.പി.പി.ശങ്കരൻനമ്പൂതിരി 0.50% കുറഞ്ഞ നിരക്കിൽ ലേലം കൊള്ളുകയുണ്ടായി. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയത് എങ്ങിനെയെന്നും വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് മെമ്പർമാർ നല്കിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാർ തുക അനുവദിക്കുകയാണ് ചെയ്തത്. തെരുവു വിളക്കുകളുടെ തകരാറുകളും അവ പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളും രേഖപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ, കെ.എസ്.ഇ.ബി.യുടെയോ ഓഫീസുകളിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. അപാകങ്ങൾ കാരണം 97,510/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 തെരുവു വിളക്കുകളുടെ പരിപാലനം - അപാകങ്ങൾ - ഇൻസ്റ്റലേഷൻ

റിപ്പോർട്ട് ഇല്ല. **₹4800** തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിലെ തെരുവിളക്കുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | | |
|---|---|---|---|---|
| | | 2012 | 2015 | 2016 |
| 1 | ഫ്ലൂറസെന്റ് ലാമ്പ് (40വാട്ട് ) സിംഗിൾ ട്യൂബ് | 105 | 105 | 105 |
| 2 | കോമ്പാക്ട് ഫ്ലൂറസെന്റ് (ഡബിൾ സെറ്റ് ) 26 വാട്ട് | 5 | 5 | 5 |
| 3 | സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 1 | 1 | 1 |
| 4 | സോഡിയം വേപ്പർ ലാമ്പ് 150 വാട്ട് | 10 | 10 | 10 |
| 5 | കോമ്പാക്ട് ഫ്ലൂറസെന്റ് (സിംഗിൾ സെറ്റ് ) 13 വാട്ട് | 24 | 24 | 24 |
| 6 | ഓർഡിനറി ബൾബ് 40 വാട്ട് | 11 | 11 | 11 |
| 7 | സി.എഫ്.എൽ. 36 വാട്ട് | -- | 30 | 30 |
| 8 | എൽ.ഇ.ഡി. 12 വാട്ട് | -- | -- | 30 |

ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം ₹10,926 പ്രകാരം ₹1,31,112 തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ വൈദ്യുതി ഉപയോഗം വരുന്ന ഫ്ലൂറസെന്റ് ലാമ്പ് (40 വാട്ട്) 105, സോഡിയംവേപ്പർ ലാമ്പ് 11, ഓർഡിനറി ബൾബ് 11 എണ്ണം എന്നിവയ്ക്ക് പണമൊടുക്കുന്നുണ്ട്. എന്നാൽ ഇവയെല്ലാം മാറ്റി താരതമ്യേന വൈദ്യുതി ചാർജ്ജ് കുറഞ്ഞ സി.എഫ്.എൽ, എൽ.ഇ.ഡി. ബൾബുകൾ ഫിറ്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും അങ്ങനെ ഉണ്ടെങ്കിൽ കെ.എസ്.ഇ.ബി. അധികൃതരെ അറിയിച്ച് വൈദ്യുതിചാർജ് കുറച്ചു കൊണ്ടു വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തൻവർഷം 40 സി.എഫ്.എൽ വാങ്ങുന്നതിന് ₹120 പ്രകാരം ₹4,800 ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 212500578/18-01-2016 ₹4,970). എന്നാൽ ഇവ എവിടെ സ്ഥാപിച്ചു എന്നത് വ്യക്തമല്ല. നിലവിലുള്ളത് മാറ്റി സ്ഥാപിച്ചതാണോ അല്ലെങ്കിൽ പുതുതായി സ്ഥാപിച്ചതാണൊയെന്നും വ്യക്തമല്ല. ഇതനുസരിച്ച് വൈദ്യുതി ചാർജ്ജിൽ വർദ്ധനവോ കുറവോ ഉണ്ടായിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഇല്ലാത്തതിനാൽ 4,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 പട്ടികജാതിക്കാരുടെ പദ്ധതികളിൽ ഒരേ ആളുകൾക്ക് തന്നെ ഒന്നിലധികം ആനുകൂല്യം നല്കിയത് സംബന്ധിച്ച്.

പഞ്ചായത്തിൽ 1288 പേർ പട്ടികജാതി വിഭാഗക്കാരായി ഉണ്ട്. പ്രോജക്ട് നമ്പർ/പേര്-101/16 പട്ടികജാതിക്കാരായ തെയ്യം കലാകാരൻമാർക്ക് അണിയലം വാങ്ങി നല്കൽ, 102/16 പട്ടികജാതി വിഭാഗക്കാർക്ക് ചെണ്ട നല്കൽ എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പാക്കിയത്. 10 പേർക്ക് അണിയലം വാങ്ങുന്നതിന് ₹98,000, ചെണ്ട വാങ്ങുന്നതിന് ₹1,48,489 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം അനുവദിച്ച നാല് പേർക്ക് രണ്ട് ആനുകൂല്യവും അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) ശ്രീനിവാസൻ.കെ.വി, കല്ലിത്തോട്ട് വളപ്പിൽ, പരണ്ടൽ പി.ഒ., അരിയിൽ

2) കെ.വി.കൃഷ്ണൻ, കാതീയൻ വളപ്പിൽ, ചെറുക്കുളക്കാട്ടിൽ, അരിയിൽ

3) റിമേഷ്.കെ, കല്ലേൻ ഹൗസ്, കുത്താട്ട്, പട്ടുവം

4) ശരൺ.കെ.വി., കണ്ടോത്ത് വളപ്പിൽ ഹൗസ്, പട്ടുവം, പി.ഒ. മാണ്ടൂക്കര.

പഞ്ചായത്തിൽ നിരവധി പട്ടികജാതി കുടുംബങ്ങൾ ഉണ്ടായിട്ടും ആനുകൂല്യങ്ങൾ ഒരേ വ്യക്തികൾക്ക് വരുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കിയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മുഴുവൻ പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രമായ ഉന്നമനത്തിന് ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, TSC വിഹിതം - വിനിയോഗിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റുകളിൽ താഴെ പറയുന്ന തുകകൾ വിനിയോഗിക്കാതെ നീക്കിയിരിപ്പുള്ളതായി കാണുന്നു.

| ക്രമ നം. | ഗ്രാന്റ് ലഭിച്ച ഏജൻസി | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 18,801 |
| 2 | ജില്ലാ പഞ്ചായത്ത് | 13,20,700 |
| 3 | TSC | 81,781 |

തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുക ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരിച്ചടക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-14 ഗുണഭോക്താക്കളുടെ അർഹതപരിശോധന നടത്താതെ കാർഷിക മേഖലയിലെ പ്രൊജക്ടുകളിൽ സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല.

കൃഷി ഓഫീസർ 2015-16 സാമ്പത്തികവർഷം നിർവഹണം നടത്തിയ വിവിധ പ്രൊജക്ടുകളിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി സ്വീകരിച്ച അപേക്ഷകളിൻമേൽ കൃഷി അസിസ്റ്റന്റുമാർ ഫീൽഡ് പരിശോധന നടത്തുകയോ അതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറുടെ ശുപാർശയോ ഇല്ലാതെയാണ് വിവിധ സബ്സിഡി ആനുകൂല്യങ്ങൾ അനുവദിച്ചത്. ഗുണഭോക്താക്കളെ ഗ്രാമസഭയാണ് തെരഞ്ഞെടുക്കുന്നതെങ്കിലും അർഹതാ പരിശോധന നടത്തേണ്ട ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനാണ്. 2015-16 വർഷത്തിലെ ഒരു അപേക്ഷയിൽ പോലും കൃഷി ഓഫീസർ ഇത്തരത്തിൽ അർഹതാ പരിശോധന നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൻമേലുള്ള പ്രാഥമിക നടപടിക്രമങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദീകരണം നൽകേണ്ടതാണ്.

## 3-15 നെൽകൃഷി വികസനപദ്ധതി-ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 2,40,000/-രൂപ വിതരണം ചെയ്യാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല.

നെൽകൃഷി വികസന പദ്ധതി എന്ന പ്രൊജക്ടിൽ (14/2016) ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുകയായ 2,40,000/- രൂപ ജില്ലാപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുകയുണ്ടായി. പ്രസ്തുത തുക കർഷകർക്ക് വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചത് (അക്കൗണ്ട് നമ്പർ 2622, പട്ടുവം സർവീസ് സഹകരണ ബാങ്ക്) ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമാണ്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട് 2,670/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 2,40,000/- രൂപയുൾപ്പെടെ ആകെ 2,42,670/- രൂപയുടെ അടങ്കലിൽ പ്രൊജക്ട് (23/2017) തയ്യാറാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 2015-16 വർഷത്തെ പ്രൊജക്ടിലുൾപ്പെടുത്തി ചെലവ് രേഖപ്പെടുത്തിയ തുക ചെലവഴിക്കുവാനായി ഗ്രാമപഞ്ചായത്ത് 2016-17-ൽ പ്രൊജക്ട് തയ്യാറാക്കിയത് ക്രമപ്രകാരമല്ല.

## 3-16 ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല

സ.ഉ. (എം എസ്) നമ്പർ 362/2013/തസ്വഭവ തീയ്യതി 16-11-13 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 7.18.2.എ.ix. പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതും അച്ചടിച്ച് പ്രസിദ്ധീകരിക്കാത്തത് സുതാര്യതയില്ലായ്മയും പദ്ധതി മാർഗ്ഗരേഖകളുടെ ലംഘനവുമാണ്.

## 3-17 ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല ₹50,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ/പേര് : 100/16 ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ

അടങ്കൽ : ₹50,000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് ബിൽ നമ്പർ : 18/18-02-2016 ₹50,000

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ മരുന്ന് വാങ്ങുന്നതിന് കേരളാ ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹50,000 നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. മുൻകൂർ നല്കുമ്പോൾ സമയത്തിന് മരുന്ന് വിതരണം നടത്തുന്നത് സംബന്ധിച്ച് കരാർ വെച്ചിട്ടില്ല. അപാകങ്ങൾ കാരണം ₹50,000-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല ₹9,325 തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവ്വഹണം നടത്തിയ സാന്ത്വന പരിചരണം (പെയിൻ & പാലിയേറ്റീവ് കെയർ) എന്ന പദ്ധതിയുടെ ഭാഗമായി, മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 15.2.16, 16.2.16 എന്നീ തീയ്യതികളിലെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 50,000/- രൂപ (ജില്ലാപഞ്ചായത്ത് വിഹിതം, ഡിഡിനം.004515/ 21.3.16 – 25,000/-, ഡിഡി നം. 004514/21.03.2016 - 25,000/-) മുൻകൂർ നല്കിയിട്ടുണ്ട്. വിവിധ തീയ്യതികളിലായി 40675/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 9,325/- രൂപയുടെ മരുന്നുകൾ ഇതു വരെയായും ലഭ്യമായിട്ടില്ല. ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ₹9,325-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

മെഡിക്കൽ ഓഫീസർ (ആയുർവേദം)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന മരുന്നുകൾക്ക് ഓരോ സാമ്പത്തിക വർഷത്തിലും ഓരോ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്ന രീതിയാണ് നിലവിലുള്ളത്. സാമ്പത്തിക വർഷം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ എഴുതുന്നത് ശരിയായ രീതിയല്ല. 2014-15 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുണ്ടായിരുന്ന ഖദീര ഗുളിക 150 എണ്ണം തൻവർഷം മുന്നിരിപ്പായി കാണിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/31-10-2016 ഗുളികകൾ ഉപയോഗിച്ചിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കുന്നതിന് വിട്ടു പോയതാണെന്നും അറിയിക്കുകയുണ്ടായി. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-20 അംഗൻവാടിക്ക് കാർട്ടൂൺ പെയിന്റ് ചെയ്യൽ-മൂല്യ നിർണ്ണയം നടത്തിയിട്ടില്ല 65000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

വകയിരുത്തിയതുക : മെയിന്റനൻസ് (റോഡിതരം -65,000)

2015-16 വർഷം അംഗൻവാടികൾക്ക് കാർട്ടൂൺ പെയിന്റ് ചെയ്യൽ എന്ന പദ്ധതിക്കായി 65,000/- രൂപ ചെലവഴിച്ച് സ്വന്തമായി കെട്ടിടമുള്ള പത്ത് അംഗൻവാടികളിൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. (ബിൽ നം.5/15-16 തീയതി 28.12.15) കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരം കീർത്തി എന്റർപ്രൈസസ്, പയ്യന്നൂർ എന്ന സ്ഥാപനം 1 ച.മീ. ക്ക് 12/- രൂപ നിരക്കിലാണ് വർക്ക് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/28.10.16) ലഭ്യമാക്കിയ മറുപടിയിൽ

പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നാണ് അറിയിച്ചത്. എന്നാൽ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 കറവ പശു വിതരണം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ
പ്രോജക്ട് നം : S0015/16
വകയിരുത്തിയ തുക : വികസന ഫണ്ട്-4,55,000
ഗുണഭോക്തൃവിഹിതം : 65,000/-
ചെലവഴിച്ച തുക : 1,05,000/- ബിൽനം.1/15-16 തീയ്യതി 03.03.2016
(വികസന ഫണ്ട്) 60,000/- ബിൽനം.5/15-16 തീയ്യതി 31.03.2016

2015-16 വർഷം നടപ്പാക്കിയ കറവപ്പശു വിതരണം എന്ന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്ത ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമാണ് സബ്സിഡിക്ക് അർഹതയുള്ളത്. എന്നാൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകളുടെ അഭാവത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.
2) അപേക്ഷയിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല.
3) പശുവിനെ വാങ്ങുമ്പോൾ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരു ജനപ്രതിനിധി ചെയർമാനും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളുടെ 7 പേരടങ്ങുന്ന ഒരു സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്, എന്ന സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡത്തിന് വിധേയമായിട്ടാണ് പശുവിനെ വാങ്ങിയത് എന്നത് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ഇവിടെ സുതാര്യത നഷ്ടപ്പെട്ടു കാണുന്നു.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വെറ്ററിനറി സർജൻ (ഓഡിറ്റ് അന്വേഷണംനം.7/28.10.16) ലഭ്യമാക്കിയ മറുപടി പ്രകാരം, വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്ത ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളു എന്നും, പരിശോധനാ റിപ്പോർട്ട് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ ഹാജരാക്കിയിട്ടില്ല. പശുവിനെ വാങ്ങുമ്പോൾ പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന പരാമർത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പടെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,44,000 | 1,44,000 | 1,44,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,16,250 | 1,16,250 | 1,16,250 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,25,000 | 1,25,000 | 1,25,000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 1,00,000 | 1,00,000 | 1,00,000 | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 1,25,000 | 1,25,000 | 1,25,000 | - |
| ജില്ലാപഞ്ചായത്ത് | 2014-15 | - | 2,50,000 | 2,50,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | ബിൽ നമ്പർ 31/31-03-2016 | 2,21,737 | - | 2,21,737 |
| കെ.ഡബ്ല്യൂ.എ | അംഗൻവാടി വാട്ടർ കണക്ഷൻ | 70/2015 17-03-2015 | 1,32,000 | 1,26,774 | 5,226 |
| കെ.ഡബ്ല്യൂ.എ | മെയ്റ്റ് മുക്ക് മഞ്ചക്കണ്ടി എസ്.സി. കോളനി പൈപ്പ് ലൈൻ | 87/2015 22-02-2015 | 2,15,000 | 2,10,974 | 4,026 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,000 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 'ബി' ക്ലാസ് ഷെയർ | 20,000 |
| ആകെ | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23,026/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2004-05 | 2(1)(2) | 150 | പ്രിയ എ.വി. | 11502100346/25-05-15 |
| 2006-07 | 3(4) | 276 | ദിനേശൻ | 11502100378/29-05-15 |
| 2006-07 | 3(5) | 100 | ഒ.ഗംഗാധരൻ | 11502100376/29-05-15 |
| 2011-12<br>2012-13 | 3(9) | 7,500 | മധുസൂദനൻ.എ.വി. | 11502102263/12-02-16 |
| 2011-12<br>2012-13 | 3(9) | 15,000 | ശ്യാമള | 11502103113/30-03-16 |
| ആകെ | | 23,026 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,09,67,589 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2,57,10,961 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3,486 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9,487 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12,79,511 |

..
(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലേയും (സി) യിലേയും തുകയാണ്).
.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,486 | | ശ്രീ. ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 2-2 | 1,000 | | ശ്രീ. ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-1 | | 3,952 | ശ്രീ. ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-2 | | 4,771 | ശ്രീ. ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-3 | | 764 | ശ്രീ. ഭാർഗ്ഗവൻ പി., സെക്രട്ടറി |
| ആകെ | 3,486 | 9,487 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 9,199 | ശ്രീ.ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-7 | 7,46,250 | ശ്രീ.ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-8 | 2,97,427 | ശ്രീ.ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-9 | 97,510 | ശ്രീ.ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-10 | 4,800 | ശ്രീ.ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-15 | 50,000 | ശ്രീ.ഭാർഗ്ഗവൻ പി., സെക്രട്ടറി |
| 3-16 | 9,325 | ഡോ.ധന്യ ഉണ്ണികൃഷ്ണൻ മെഡിക്കൽ ഓഫീസർ (പ്രൈമറി ഹെൽത്ത് സെന്റർ) |
| 3-18 | 65,000 | ശ്രീമതി.മാധവികെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | 12,79,511 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഭാർഗ്ഗവൻ പി. | സെക്രട്ടറി, പട്ടുവം ഗ്രാമപഞ്ചായത്ത് | സിന്ദൂരം, തളിപറമ്പ് തെരു, തളിപറമ്പ് പി.ഒ. കണ്ണൂർ. |
| ഡോ.ധന്യഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പട്ടുവം | അച്ചൻകോവിൽ, കാനക്കൽ.പി.ഒ., തളിപറമ്പ്, കണ്ണൂർ. |
| ശ്രീമതി.മാധവി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, പട്ടുവം ഗ്രാമപഞ്ചായത്ത് | 'സ്വാതി', സി.പൊയിൽ സി.പൊയിൽ.പി.ഒ. കണ്ണൂർ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി6/817/2015 തീയതി 02-07-2015 | 5 | |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി6/817/2015 തീയതി 02-07-2015 | 1 | |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി6/817/2015 തീയതി 02-07-2015 | 5 | |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി6/817/2015 തീയതി 02-07-2015 | 1 | |
| 2010-11 | കെ.എസ്.എ.കെ.എൻ.ആർ.സി6/817/2015 തീയതി 02-07-2015 | 4 | |
| 2011-12 2012-13 | എൽ.എഫ്.കെ.എൻ.ആർ.സി6/478/2015 തീയതി 03-09-2015 | 14 | |
| 2013-14 2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി6/1127/2016 തീയതി 13-07-2016 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.എൻ.ആർ./സി.3/2153/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.
ഫോൺ: 0497-2707698
ഇ-മെയിൽ:lfaddistoffice@gmail.com
തീയ്യതി 20-12-2016.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

**അനുബന്ധം -2**

# AUDIT CERTIFICATE

KSA/KNR/C3/2153/2016.

Kerala State Audit Department,
District Audit Office, Kannur-670 001,
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.
Date: 20-12-2016.

Certified that I have audited the annual Financial Statement of Pattuvam Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Pattuvam Gramapanchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.